**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6038** **09-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജകമണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ ഹാജിയാർ പള്ളി എന്ന സ്ഥലത്ത് ഒരു ഹെക്ടർ ഭൂമി വനം വകുപ്പിന്റെ അധീനതയിലുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ വകുപ്പ് തന്നെ നേരിട്ട് ഏതെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ഈ സ്ഥലത്ത് വനം വകുപ്പ് പ്രകൃതി പഠന ക്യാമ്പ്, ഇക്കോ ഷോപ്പ്, ബാംബൂസെറ്റം, ബട്ടർഫ്ളൈ പാർക്ക് എന്നിവ തുടങ്ങാൻ മലപ്പുറം സാമൂഹ്യ വനവൽക്കരണ വിഭാഗം ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | മറ്റ് വകുപ്പുകൾക്കും സർക്കാർ പദ്ധതികൾക്കും ഭൂമി വിട്ടുകൊടുക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; അത്തരം പ്രൊപ്പോസലുകൾ മറ്റ് വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇല്ല. മറ്റ് വകുപ്പുകളിൽ നിന്നും ടി സ്ഥലം വിട്ടുകൊടുക്കുന്നതിനായി പ്രൊപ്പോസലുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ, 2013 ൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ നിന്നും കളിസ്ഥലം വർദ്ധിപ്പിക്കാനായി നിവേദനം ലഭിച്ചിരുന്നു. എന്നാൽ, ഈ സ്ഥലം റിസർവ്വ് ഫോറസ്റ്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനാൽ പ്രസ്തുത നിവേദനം പരിഗണിക്കുന്നതിന് നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ